# <u>പ്രാർത്ഥന</u>

പാരം ദയാലുവായ്,ദാക്ഷിണ്യശാലിയായ്,
വഴുന്നോരീശ്വരൻ തിരുനാമത്തിൽ....
നിഖിലലോകങ്ങൾക്കും ഏക രക്ഷകനാകും,
അഖിലേശ്വരനല്ലയോ സകല സ്തുതിയും....
അഖിലേശ്വരനല്ലയോ സകല സ്തുതിയും....

പരമ കാരുണ്യവാൻ കരുണാനിധിയേ...
വിധിപറയും ദിവസത്തിൻ ഏകാധിപനേ..
നിയതമാരാധിപ്പൂ ഞങ്ങളങ്ങയേമാത്രം...
സതതം സഹായമർത്ഥിപ്പതും തിരുമുൻപിൽ..

നയിക്കണം ഞങ്ങളെ നേരായ മാർഗത്തിൽ..
നിന്നനുഗ്രഹപാത്രമായോർതൻ മാർഗത്തിൽ...
അങ്ങയാൽ കോപിക്കപ്പെട്ടോരുടെ വഴിയല്ല,
സന്മാർഗ്ഗഭ്രഷ്ടർതൻ വഴിയിതുമല്ല...

പാരം ദയാലുവായ്, ദാക്ഷിണ്യശാലിയായ്,
വഴുന്നോരീശ്വരൻ തിരുനാമത്തിൽ....
നിഖിലലോകങ്ങൾക്കും ഏക രക്ഷകനാകും,
അഖിലേശ്വരനല്ലയോ സകല സ്തുതിയും....
അഖിലേശ്വരനല്ലയോ സകല സ്തുതിയും....